I/111302/2023

ബി4/10/2023/ടി.സി 28-02-2023

.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ : ഗതാഗത കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്: എല്ലാ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് -നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന :- ഗതാഗത കമ്മീഷണറുടെ സർക്കുലർ നം 15/2011

ഗതാഗത കമ്മീഷണറുടെ 22.11.2019 ലെ ബി4/ഇ/88057/ടി.സി/2019 നം കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.നികുതി കുടിശ്ശിക പിരിവ് സംബന്ധിച്ച് ആവർത്തിച്ച് നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ വരുന്നത് ഖേദകരമാണ്.നികുതി കുടിശ്ശിക നിജപ്പെടുത്തുന്ന പ്രവർത്തനം ഡി.ടി.സി മാർ വിലയിരുത്തേണ്ടതും കുടിശ്ശിക പിരിവ് അവലോകനം ചെയ്യേണ്ടതുമാണ്.

ടി പ്രവർത്തനങ്ങൾക്ക് ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥനേയും ആവശ്യമുള്ള ക്ളാർക്കുമാരേയും ചുമതലപ്പെടുത്തേണ്ടതാണ്.

പ്രവർത്തന റിപ്പോർട്ടുകൾ രണ്ടാമത്തെ സൂചന പ്രകാരം സമർപ്പിക്കേണ്ടതാണ്.റീജിയണൽ/സബ് റീജിയണൽ ഓഫീസുകൾ ഗതാഗത കമ്മീഷണർക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതില്ല.

ഓരോ ഗ്രേസ് പിരീഡ് കഴിയുമ്പോഴും രണ്ടാഴ്ചക്കുള്ളിൽ നികുതി അടക്കാത്ത ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ലിസ്റ്റ് ഫീൽഡ് ഓഫീസർമാർക്ക് നൽകേണ്ടതാണ്.

ഒരോ പാദത്തിന്റേയും രണ്ടാമത്തെ മാസത്തെ മൂന്നാമത്തെ ആഴ്ചയിൽ നികുതി അടവ് വീഴ്ച വരുത്തുന്ന സ്റ്റേജ് ക്യാരേജുകളുടേതും ഇതര ക്ളാസ്സുകളുടേതു രണ്ടാമത്തെ മാസത്തെ ആദ്യത്തെ ആഴ്ചയിലും ലിസ്റ്റ് തയ്യാറാക്കി സർക്കിൾ ഓഫീസർക്ക് കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ട് സെക്ഷൻ 11 പ്രകാരമുള്ള തുടർനടപടികൾക്കായി നൽകേണ്ടതാണ്.

നികുതി അടവ് വീഴ്ച വരുത്തുന്ന വാഹനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകേണ്ടതും പതിനഞ്ച് ദിവസത്തിനകം നികുതി അടക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതുമാണ്.വീഴ്ച വരുത്തുന്ന സ്റ്റേജ് ക്യാരേജുകൾക്ക് പാദത്തിന്റെ അവസാന മാസത്തിന്റെ ആദ്യ ആഴ്ചക്ക് മുമ്പായും മറ്റുള്ളവക്ക് രണ്ടാമത്തെ മാസത്തിന്റെ അവസാന ആഴ്ചക്ക് മുമ്പായും ഡിമാന്റ് നോട്ടീസ് നൽകിയിരിക്കേണ്ടതാണ്.



Generated from eOffice by BIJU P L, SS F TC, JS (F) TC, TC OFFICE on 01/03/2023 02:47 PM

I/111302/2023

ഓരോ ആഴ്ചയിലും ബുധനാഴ്ചകൾക്ക് മുമ്പായി എല്ലാ ഓഫീസ് മേധാവികളുമായി ഡി.ടി.സി മാർ ഓൺലൈൻ യോഗം ചേർന്നു ബുധനാഴ്ച പ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.എല്ലാ ആഴ്ചയിലേയും അവസാന പ്രവർത്തിദിനത്തിൽ ഡി.ടി.സി മാർ ടി പ്രവർത്തനം വിലയിരുത്തി ഗതാഗത കമ്മീഷണർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

പ്രതിമാസ മേഖല കോൺഫറൻസിൽ ബുധനാഴ്ചകളിലെ നികുതി പിരിവ് പ്രവർത്തനം അജണ്ടയായി ഉൾപ്പെടുത്തി വിലയിരുത്തി മികച്ച പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥരെ അനുമോദിക്കേണ്ടതും "ഗുഡ് സർവ്വീസ്" എൻട്രിക്കായി ശുപാർശ ചെയ്യാവുന്നതുമാണ്.

വിശ്വസ്തതയോടെ,

K MANOJKUMAR
SR. DEPUTY TRANSPORT COMMISSIONER (TAX)



Generated from eOffice by BIJU P L, SS F TC, JS (F) TC, TC OFFICE on 01/03/2023 02:47 PM